# വിസ തട്ടിപ്പ് വീരൻ പോലീസ് പിടിയിൽ

ദുബായിൽ ഫൈവ് സ്റ്റാർ ഹോട്ടലിൽ ജോലിക്കുള്ള വിസ ശരിയാക്കി നൽകാമെന്ന് പറഞ്ഞു പലരിൽ നിന്നും പണം കൈക്കലാക്കിയ ശേഷം മുങ്ങിയ പ്രതി പോലീസ് പിടിയിൽ. മുഹമ്മത് താഹ, വയ. 35/16, s/o സിദ്ധിക്ക്, എം കെ ഹൗസ്, മാങ്കാവ്, കോഴിക്കോട് എന്നയാളാണ് പോലീസ് പിടിയിലായത്. ടിയാൻ മുമ്പ് ഇത്തരം കേസ്സിൽ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളയാളും, ടിയാനെതിരെ കോഴിക്കോട് ടൗൺ, നടക്കാവ് പോലീസ് സ്റ്റേഷനിൽ ഇത്തരത്തിൽ നിരവധി പരാതികളുമുണ്ട്. കസബ പോലീസ് ഇൻസ്പെക്ടർ പി. പ്രമോദിൻെറ നേതൃത്വത്തിൽ കസബ പോലീസ് സബ് ഇൻസ്പെക്ടർ സജീവും സംഘവുമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോഴിക്കോട് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി (മൂന്ന്) മുമ്പാകെ ഹാജരാക്കിയതിൽ കോടതി പ്രതിയെ റിമാണ്ടിൽ പാർപ്പിച്ച് ഉത്തരവായി. പോലീസ് വിശദമായി ചോദ്യം ചെയ്തതിൽ കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ പ്രതി നിരന്തരമായി താമസിച്ച് വരികയും അവിടെ വെച്ച് പരിചയപ്പെടുന്ന സാധാരണക്കാരായ ആളുകളെ ഗൾഫിലേക്ക് കൊണ്ടു പോയി ഉയർന്ന ശമ്പളം ലഭിക്കുന്ന ജോലി തരപ്പെടുത്തി തരാമെന്നും പറഞ്ഞ് പണം കൈക്കലാക്കി ആയതിന് എഗ്രിമെൻറുകൾ എഴുതിക്കൊടുത്ത് വിശ്വസിപ്പിച്ച് തുടർന്ന് താമസിക്കുന്ന സ്ഥലങ്ങളിൽ നിന്നും മുങ്ങുകയുമാണ് ചെയ്യുന്നത്. നിരവധി ആളുകളെ പ്രതി ഇത്തരത്തിൽ കബളിപ്പിച്ചതായാണ് പ്രാഥമിക വിവരം. കോഴിക്കോട് ജയ ഹോട്ടലിൽ ജോലി നോക്കുന്ന പ്രസാദ് എന്നാളുടെ പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിലാണ് പ്രതി പോലീസ് പിടിയിലാകുന്നത്.